ഗണിതശാസ്ത്രത്തിലെ പ്രതിഭാശാലികൾ

# സോഫി കൊവലേസ്കി

പള്ളിയറ ശ്രീധരൻ

ഗണിതശാസ്ത്രചരിത്രത്തിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ സംഭാവന വളരെ കുറവാണെന്നത് ഒരു യാഥാർത്ഥ്യമാണ്. ഗണിതശാസ്ത്രത്തിനു വേണ്ടി ജീവിതം സമർപ്പിച്ച സ്ത്രീകളിൽ പ്രമുഖസ്ഥാനമാണ് റഷ്യയിലെ സോഫി കൊവലേസ്കിക്കുള്ളത്. 1850 ജനുവരി 15ന് മോസ്ക്കോയിൽ ജനിച്ച സോഫിയുടെ പിതാവ് ഒരു ആർമി ഓഫീസർ ആയിരുന്നു. മാതാവ് പ്രസിദ്ധ റഷ്യൻ വാനശാസ്ത്രജ്ഞനായിരുന്ന ഷുൾബർട്ടിന്റെ പൗത്രിയും. ഷുൾബർട്ട് സെന്റ് പീറ്റേഴ്സ് ബർഗ് അക്കാദമി മെമ്പറും അക്കാലത്തെ പ്രസിദ്ധ ഗണിത ശാസ്ത്രജ്ഞന്മാരായിരുന്ന ലാപ്ലാസ്, ഗാസ്സ്, ബെസ്സൽ എന്നിവരുൾപ്പെടെയുള്ള ധാരാളം പ്രശസ്ത വ്യക്തികളുടെ ഉറ്റ സുഹൃത്തുമായിരുന്നു.

സോഫി വളരെ ചെറുപ്പത്തിൽ തന്നെ ഗണിതശാസ്ത്രത്തിൽ നല്ല സാമർത്ഥ്യം കാണിച്ചിരുന്നു. സോഫിയുടെ കുടുംബം പുതുക്കിപ്പണിത ഒരു വീട്ടിലേക്ക് താമസം മാറ്റുകയുണ്ടായി. ചുമരിൽ പതിക്കാനുള്ള കടലാസ് തികയാതെ വന്നപ്പോൾ പഴയ നോട്ടുപുസ്തകത്തിലെ കടലാസുകൾ ഉപയോഗിച്ചു. അത് പിതാവ് പഠിക്കുമ്പോൾ എഴുതിയ നോട്ടുപുസ്തകത്തിലെ കടലാസുകളായിരുന്നു. അതിൽ എഴുതിയിരുന്നത് ഗണിതശാസ്ത്രത്തിലെ ഇന്റഗ്രൽ കാൽക്കുലസിന്റെ ഭാഗങ്ങളായിരുന്നു. അതൊന്നും പൂർണമായി മനസ്സിലാക്കാൻ സാധിച്ചില്ലെങ്കിലും സോഫി അത് പിതാവിന്റെ സഹായത്തോടെ പഠിക്കാൻ തുടങ്ങി. പല സൂത്രവാക്യങ്ങളുടെയും അർത്ഥം മനസ്സിലായില്ലെങ്കിലും ഹൃദിസ്ഥമാക്കാൻ സാധിച്ചു. പിന്നീട് സോഫിയുടെ പതിനഞ്ചാം വയസ്സിൽ കുടുംബം സെന്റ് പീറ്റേഴ്സ് ബർഗിലേക്ക് താമസം മാറ്റി. ഇന്റഗ്രൽ കാൽക്കുലസിലെ സൂത്രവാക്യങ്ങൾ സോഫി പറയുന്നത് കേട്ടപ്പോൾ അധ്യാപകൻ അത്ഭുതപ്പെട്ടുപോയി. ക്ലാസ്സിലെ പാഠഭാഗങ്ങൾ വളരെ എളുപ്പത്തിൽ മനസ്സിലാക്കാനും സോഫിക്ക് സാധിച്ചു.



ഗണിതപഠനം തുടരാൻ സോഫി ആഗ്രഹിച്ചു. പക്ഷെ അക്കാലത്ത് റഷ്യയിൽ പെൺകുട്ടികളെ ഉപരിപഠനത്തിന് അയയ്ക്കുക പതിവുണ്ടായിരുന്നില്ല. സാമ്പത്തികമായി വളരെ ഉയർന്ന കുടുംബമായതിനാൽ സോഫിയുടെ ആഗ്രഹപ്രകാരം വിദേശത്ത് പഠിക്കാൻ അവസരം നല്കി. 1870ൽ പ്രസിദ്ധ ഗണിതശാസ്ത്രജ്ഞൻ വയസ്ട്രസ്സിന്റെ കീഴിൽ ബർലിനിൽ ഗണിതപഠനം ആരംഭിച്ചു. ബർലിനിലും ഒരു സ്ത്രീ എന്ന നിലയിൽ വിദ്യാലയത്തിൽ പ്രവേശനം ലഭിച്ചില്ല. പക്ഷേ ഇന്റഗ്രൽ കാൽക്കുലസിലും മറ്റുമുള്ള സോഫിയയുടെ വൈഭവം കണ്ടതിനാൽ വയസ്ട്രസ്സ് സ്വകാര്യ ട്യൂഷൻ നല്കി. നാലു വർഷക്കാലം അദ്ദേഹത്തിനു കീഴിൽ സോഫി പഠനം നടത്തി. ഇക്കാലത്ത് പ്രധാനപ്പെട്ട മൂന്ന് പ്രബന്ധങ്ങൾ സോഫി രചിച്ചു. യാതൊരുവിധ ഔപചാരികവിദ്യാഭ്യാസവും ഇല്ലാതിരുന്നിട്ടും ഗോട്ടിങ്ങൻ സർവകലാശാല 1874ൽ സോഫിക്ക് പി.എച്ച്.ഡി ബിരുദം നല്കി ആദരിച്ചു.

സോഫി രചിച്ച മൂന്ന് പ്രബന്ധങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് On the Theory of Partial Differential Equations ആണ്. ഈ വിഷയത്തെപ്പറ്റി മുൻപേ തന്നെ കോഷി പഠനം നടത്തിയിരുന്നു. സോഫിയുടെ പ്രബന്ധം ഇതിന് ഒരു പൂരകമായിത്തീർന്നു. ഈ പ്രബന്ധം കോഷി-കൊവലേസ്കി സിദ്ധാന്തം എന്ന് അറിയപ്പെടുന്നു. കൊവലേസ്കി സിദ്ധാന്തം എന്നും പറയാറുണ്ട്.

**1874ൽ സോഫി സെന്റ് പീറ്റേഴ്സ് ബർഗിൽ തിരിച്ചെത്തി. അവിടെ സർവകലാശാലയിൽ ഒരു ജോലി പ്രതീക്ഷിച്ചിരുന്നു. ഒരു സ്ത്രീ എന്ന പ്രശ്നം ഇവിടെയും വിലങ്ങുതടിയായി. ഒമ്പതുവർഷത്തോളം തുടർച്ചയായി ശ്രമിച്ചെങ്കിലും നിരാശയായിരുന്നു ഫലം. 1883ൽ മിട്ടാഗ് ലഫ്ളർ അവരെ സ്വീഡനിലെ സ്റ്റോക്ക്ഹോം സർവകലാശാലയിലേക്ക് ക്ഷണിച്ചു. ഒടുവിൽ മാതൃരാജ്യത്തിലല്ലെങ്കിലും ഏറെ ആഗ്രഹിച്ച ജോലി സോഫിക്ക് ലഭിച്ചു. 1884ൽ പ്രൊഫസറായി സ്റ്റോക്ക്ഹോം സർവകലാശാലയിൽ ചേർന്നു. അവിടത്തെ ആദ്യത്തെ വനിതാ പ്രൊഫസറായിരുന്നു സോഫി. മരണം വരെ സ്റ്റോക്ക്ഹോമിൽ തുടർന്നു.**

ജോലിയിലിരിക്കെ തന്നെ സോഫി ഗവേഷണങ്ങൾ നടത്തിയിരുന്നു. On the Problem of Rotation of Rigid Body about a fixed point എന്ന പ്രബന്ധത്തെ അടിസ്ഥാനമാക്കി പാരീസ് സയൻസ് അക്കാദമി അവർക്ക് അയ്യായിരം ഫ്രാങ്കിന്റെ ഒരു സമ്മാനം നല്കി. സ്വീഡിഷ് അക്കാദമിയും സോഫിയെ ആദരിച്ചു. 1889ൽ റഷ്യൻ സയൻസ് അക്കാദമി നിയമം ഭേദഗതി ചെയ്തുകൊണ്ട് അവർക്ക് അംഗത്വം നല്കി. സ്ത്രീകളോടുള്ള വിവേചനത്തിനെതിരെ, പ്രത്യേകിച്ചും ഉന്നത വിദ്യാഭ്യാസരംഗത്ത് സ്ത്രീകളോട് കാണിക്കുന്ന അവഗണനയ്ക്കെതിരെ സോഫി ശക്തമായി പ്രതിഷേധിച്ചിരുന്നു. 1891 ഫെബ്രുവരി 10ന് ഇൻഫ്ളുവൻസ ബാധിച്ച് സോഫി കൊവലേസ്കി അന്തരിച്ചു.

---

9 >>

# സ്വവർഗരതി നിയമവിധേയമാകുമ്പോൾ

**സ്വവർഗരതിയെ ഒരു "ലൈംഗിക അപക്വത" (Sexual Immaturity) ആയി മനഃശാസ്ത്രവും സാമൂഹിക ശാസ്ത്രവും ദൈവശാസ്ത്രവും കണക്കാക്കുന്നു. സ്വവർഗരതി മനോവൈകല്യത്തിന്റെ പ്രകടരൂപമാണ്. തലതിരിഞ്ഞ ലൈംഗിക വൈകൃതമാണത്. ചികിത്സിച്ചു മാറ്റേണ്ട ഒരു വൈകൃതത്തെ നിയമവിധേയമാക്കുന്നത് കാടത്തമാണ്. നിയമംമൂലം നിരോധിക്കപ്പെട്ട ഒന്നിന് നിയമസാധുത ലഭിക്കുന്നതിലൂടെ സ്വഭാവികമായി അതിന് സാമൂഹിക അംഗീകാരം കൂടി ലഭിക്കും.**

ദൈവത്തിന്റെ മഹത്തായ സൃഷ്ടികർമത്തിൽ പങ്കാളികളാകാൻ വിളിക്കപ്പെട്ടവരാണ് ഓരോ പുരുഷനും സ്ത്രീയും. സ്വവർഗവിഭാഗത്തിൽ സൃഷ്ടികർമം ഇല്ല. ആരോടും പ്രതിബദ്ധതയുമില്ല. ഇന്ദ്രിയസുഖം മാത്രമാണവിടെയുണ്ടാവുക. പാഴായിപ്പോകുന്ന ജീവിതം. ജീവന്റെ ദൈവികത ഉൾക്കൊള്ളുന്നവർക്ക് സ്വവർഗരതി ഒരിക്കലും അംഗീകരിക്കാനാവില്ല. തലമുറകളിലേക്ക് പ്രവഹിക്കേണ്ട ജീവന്റെ സന്ദേശം പ്രകൃതിവിരുദ്ധവേഴ്ചയിലും സ്വാർത്ഥതയിലും നശിപ്പിക്കാനുള്ളതല്ല.

പാശ്ചാത്യ സമൂഹത്തിന്റെ കുത്തഴിഞ്ഞ സമ്പ്രദായങ്ങളെ അന്ധമായി അനുകരിക്കുന്നത് ആപത്താണ്. സ്ത്രീ - പുരുഷ ലൈംഗികതയെ ഏറെ പവിത്രമായി കാണുന്ന ഭാരതീയ സംസ്കാരത്തിന്റെ ശ്രേഷ്ഠതയ്ക്കും ആഭിജാത്യത്തിനും ഈ നീക്കം തുരങ്കംവയ്ക്കും. സ്വവർഗാനുരാഗം നിയമാനുസൃതമാക്കിയിട്ടുള്ള പാശ്ചാത്യരാജ്യങ്ങളിൽ ലൈംഗിക അരാജകത്വവും കുടുംബത്തകർച്ചയും വർധിച്ചുവരികയാണ്. കുടുംബബന്ധങ്ങൾ ശിഥിലമാകുന്നതിലൂടെ ധാർമികമായ അപചയം സമൂഹത്തിലുണ്ടാകും.

അന്ധമായ പാശ്ചാത്യ അനുകരണം, വഴിവിട്ട വ്യക്തിസ്വാതന്ത്ര്യം, മയക്കുമരുന്ന്, മദ്യം, മാധ്യമപ്രചാരണം, ലക്ഷ്യബോധത്തോടെയുള്ള ശിക്ഷണമില്ലായ്മ, ആരോടും പ്രതിബദ്ധതയില്ലായ്മ, വീക്ഷണ വൈകല്യം എന്നിവയെല്ലാം സ്വവർഗരതിയുടെ കാരണങ്ങളാണ്.

ലൈംഗിക രോഗങ്ങൾ പരത്തുന്നതിൽ സ്വവർഗാനുരാഗികൾ മുന്നിലാണ്. എയ്ഡ്സ് ഉൾപ്പെടെയുള്ള ലൈംഗികരോഗങ്ങൾക്ക് സ്വവർഗപ്രേമം വഴിയൊരുക്കുന്നുണ്ട്. മദ്യവും മയക്കുമരുന്നും ഇതിന്റെ വ്യാപ്തി വർധിപ്പിക്കുന്നു. മുതലാളിത്ത ഉദാരവാദത്തിന്റെ സാംസ്കാരികോത്പന്നമായ ലൈംഗിക അരാജകത്വത്തിന് വാതിൽ തുറന്നു കൊടുത്താൽ സമൂഹത്തിന്റെ സർവനാശമാകും സംഭവിക്കുക. സമൂഹത്തിന് സ്വീകാര്യമായതാകണം സമൂഹത്തിലെ വ്യക്തികളുടെ ലൈംഗിക മര്യാദകൾ.

സ്വവർഗരതി നിയമവിധേയമാക്കുന്നതോടെ ആൺവാണിഭവും ആൺതാത്തമാരും ഉദയം ചെയ്യും. നിലവിലുള്ള പഴയ നിയമങ്ങളും ഭേദഗതി ചെയ്യേണ്ടി വരും. പിന്തുടർച്ചാവകാശ നിയമത്തിനും ഭേദഗതികൾ ആവശ്യമായി വരും. ബലാൽസംഗത്തിന്റെ നിർവചനത്തിലും മാറ്റം വേണ്ടിവരും. ആഹാരത്തിൽ മായം ചേർക്കുന്നതിനേക്കാൾ കഠിനമാണ് സ്ത്രീപുരുഷ ബന്ധത്തിൽ മായം ചേർക്കൽ.

സ്വവർഗരതിസുഖം ഒരു മൗലികാവകാശമാണെന്ന വാദഗതി അർത്ഥശൂന്യമാണ്. നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്ന മൗലികാവകാശങ്ങളെ ലംഘിക്കലാണത്. എന്തിനും ഏതിനുമുള്ള അവകാശമല്ല മൗലികാവകാശം. രാഷ്ട്രത്തിന്റെ ക്രിമിനൽ നിയമങ്ങൾ ധാർമികതയുടെ സംരക്ഷണ കവചമാണ്. ധാർമികതയ്ക്കും സദാചാരത്തിനും വിരുദ്ധമായവ പരസ്യമായി അംഗീകരിച്ചാൽ പൊതുസമൂഹത്തിന്റെ ധാർമികനിലവാരത്തെയും ലൈംഗിക ശിക്ഷണക്രമത്തെയും അത് ഗുരുതരമായി ബാധിക്കും. ലൈംഗികതയുടെ സ്വാഭാവിക നിയോഗങ്ങളായ വിവാഹ, കുടുംബസങ്കല്പങ്ങളൊക്കെ പൊളിച്ചെഴുതേണ്ടതായും വരും.

സ്വവർഗലൈംഗികതയിലെ അധാർമികത എന്നുപറയുന്നത് പ്രധാനമായും അത് മനുഷ്യപ്രകൃതിയിലെ സ്വാഭാവിക ധാർമിക ക്രമമായ സ്ത്രീ - പുരുഷ വ്യതിരിക്തതയെയും പരസ്പര പൂരകത്വത്തെയും പൂർണമായി അവഗണിക്കുന്നു എന്നതാണ്. ലൈംഗികതയുടെയും വിവാഹത്തിന്റെയും സുപ്രധാന ലക്ഷ്യങ്ങളായ ദാമ്പത്യസ്നേഹവും പ്രജനനവും ഇവിടെ നടക്കുന്നില്ല. ദൈവികദാനമായ ജീവനെ അത് പരിപോഷിപ്പിക്കുന്നില്ല. സ്വവർഗരതി ജനനത്തിലേക്ക് തുറവിയില്ലാത്തതാണ്. അതുകൊണ്ടുതന്നെ ലൈംഗികതയുടെ പ്രഥമ ലക്ഷ്യമായ പ്രജനനം സാധ്യമല്ലാത്ത കർമം പ്രകൃതി വിരുദ്ധവും മനുഷ്യത്വരഹിതവുമാണ്.

സ്വവർഗരതിയെ ഒരു "ലൈംഗിക അപക്വത" (Sexual Immaturity) ആയി മനഃശാസ്ത്രവും സാമൂഹിക ശാസ്ത്രവും ദൈവശാസ്ത്രവും കണക്കാക്കുന്നു. സ്വവർഗരതി മനോവൈകല്യത്തിന്റെ പ്രകടരൂപമാണ്. തലതിരിഞ്ഞ ലൈംഗിക വൈകൃതമാണത്. ചികിത്സിച്ചു മാറ്റേണ്ട ഒരു വൈകൃതത്തെ നിയമവിധേയമാക്കുന്നത് കാടത്തമാണ്. നിയമം മൂലം നിരോധിക്കപ്പെട്ട ഒന്നിന് നിയമസാധുത ലഭിക്കുന്നതിലൂടെ സ്വഭാവികമായി അതിന് സാമൂഹിക അംഗീകാരം കൂടി ലഭിക്കും. തിന്മകളുമായി സന്ധിചെയ്താൽ അത് വ്യക്തികളുടെയും സമൂഹത്തിന്റെയും നാശത്തിലായിരിക്കും പര്യവസാനിക്കുക. കോടതി വിധികൾ തിന്മകളെ വളർത്താൻ സഹായകമാകരുത്. സമൂഹത്തിൽ ദോഷം വിതയ്ക്കാനിടവരുത്തരുത്.

കുടുംബഭദ്രതയെ നിലനിർത്തുവാൻ കഴിയുന്ന നിലപാടുകളാണ് രാഷ്ട്രം സ്വീകരിക്കേണ്ടത്. നിയമവും നിയമനിർമാണവും നിയമം റദ്ദാക്കലും അതിനുപകരിക്കണം. സമൂഹത്തിലുണ്ടാകുന്ന ധാർമികതകർച്ചകളുടെ നേരെ സർക്കാരുകൾ കണ്ണടയ്ക്കരുത്. പൊതുസമൂഹത്തെ പ്രതികൂലമായി ബാധിക്കുന്ന പ്രശ്നങ്ങളിൽ കേന്ദ്ര ഗവൺമെണ്ട് ഇടപെടണം. ഇന്ത്യൻ പീനൽ കോഡിലെ 377-ാം വകുപ്പ് റദ്ദാക്കാനുള്ള നീക്കങ്ങളിൽ നിന്നും സർക്കാർ പിന്തിരിയണം.

മൂല്യങ്ങളിൽ കേന്ദ്രീകൃതമായ ഒരു വിദ്യാഭ്യാസ ക്രമത്തിലൂടെ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. ആത്മനിയന്ത്രണത്തിന്റെ കരുത്ത് സ്കൂൾ തലത്തിലേ വിദ്യാർത്ഥികളിൽ രൂപപ്പെടുത്തണം. വ്യക്തിസ്വാതന്ത്ര്യത്തിന്റെ പരിമിതികളും അമൂല്യമായ ജീവന്റെ സാധ്യതകളും ബോധ്യപ്പെടുത്തണം. ലൈംഗിക പക്വതയിലേക്കും ജീവിത സമഗ്രതയിലേക്കുമുള്ള പടവുകൾ സാവകാശം ക്രമാനുഗതമായി ചവിട്ടിക്കയറുവാൻ ആവശ്യമായ ധാർമിക പരിശീലനം നല്കണം. എങ്കിലേ ഇത്തരം പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണുവാൻ കഴിയൂ.

CYAN MAGENTA YELLOW BLACK



ജർമൻ ഡയറി

ജോർജ് കുറ്റിക്കാട്ട്

# മാർസ്സെൽ റൈഷ് റനിറ്റ്സ്കി
## ജർമൻ സാഹിത്യത്തിന് ഒരു പോപ്പ്

യഹൂദനെന്ന ഒരേയൊരു കാരണത്താൽ ഉപരിപഠനത്തിനുള്ള അപേക്ഷ പോലും ബർലിനിലെ ഫ്രീഡ്രിഷ് വിൽഹെം സർവകലാശാലാധികാരികളാൽ നിഷേധിക്കപ്പെട്ട നിർഭാഗ്യവാനായിരുന്നു, മാർസ്സെൽ റൈഷ് റനിറ്റ്സ്കി. (പോളിഷ് ഭാഷയിൽ മാർസ്സെൽ റൈഷ് റനിക്കി).

ജർമൻ ഭാഷയിൽ "ലിറ്ററാറ്റൂർ പാപ്സ്റ്റ" (സാഹിത്യത്തിന്റെ പാപ്പാ) എന്നു യൂറോപ്യൻ സാഹിത്യമേഖലയിലും മാധ്യമരംഗത്തും ആദരിക്കപ്പെടുന്ന മാർസ്സെൽ റൈഷ് റനിറ്റ്സ്കിക്ക്, ഇപ്പോൾ ലഭിച്ചിരിക്കുന്ന ഈ ആദരവ് സാഹിത്യലോകത്ത് തന്റെ എല്ലാവിധ ജീവിതോദ്യമങ്ങൾക്കുമുള്ള മഹത്തായ അംഗീകാരമാണ്. ജർമൻ ഭാഷാസാഹിത്യത്തിലെ ഒരു ഉത്കൃഷ്ഠ സാഹിത്യനിരൂപകൻ എന്ന് എല്ലാ യൂറോപ്യൻ ഭാഷാപണ്ഡിതന്മാരും സാഹിത്യകാരന്മാരും വായനക്കാരും അംഗീകരിച്ച ഒരു മഹാവ്യക്തിയാണ് റനിറ്റ്സ്കി.

തന്റെ ജീവിതത്തിൽ ഹൈസ്കൂൾ പഠനംകഴിഞ്ഞു ഒരു സർവകലാശാലാ ബിരുദ പഠനത്തിന് ഭാഗ്യമില്ലാതിരുന്ന മാർസ്സെൽ റൈഷ് റനിറ്റ്സ്കിക്ക് ഒൻപതു തവണ വിവിധ സർവകലാശാലകൾ "ഓണററി ഡോക്ടർ" പദവി നല്കി ആദരിച്ചു. മാത്രമല്ല, മറ്റ് അനവധി ബഹുമതികൾകൊണ്ടും റനിറ്റ്സ്കി ആദരിക്കപ്പെട്ടു. ജർമൻ ഭാഷാസാഹിത്യത്തിൽ ഇന്നു ജീവിച്ചിരിക്കുന്ന സാഹിത്യ നിരൂപകരിൽ ഏറ്റവും ഉന്നതനാണ് അദ്ദേഹം എന്നു നിസ്സംശയം പറയാം.

മാർസ്സെൽ റൈഷ് റനിറ്റ്സ്കിയുടെ വിമർശനം സാഹിത്യനിരൂപണ മാനദണ്ഡമനുസരിച്ചാണെങ്കിൽ, പ്രകടമായി ഒട്ടും ആദരവർഹിക്കാത്ത തരത്തിൽ ഒരു ഗ്രന്ഥകാരനെതിരെ വിലയിരുത്തിയതിന്റെ പിന്നിലെ ആത്മവിശ്വാസം തന്റെ സാഹിത്യനിരൂപണങ്ങളിലെ വിജയങ്ങൾക്ക് ഏറെ സ്വാധീനം ചെലുത്തിയെന്നു കാണാം. അദ്ദേഹത്തിന്റെ നിരൂപണങ്ങൾ പിരിമുറുക്കം പ്രതീക്ഷിക്കുന്ന സംഭവങ്ങൾ ആയിരിക്കുന്നു. ഇതിന്റെ അനന്തരഫലങ്ങൾ എത്തിച്ചേർന്നത് പ്രസിദ്ധരായ എഴുത്തുകാരുടെ സ്വപ്നങ്ങളിലേക്കും പ്രതീക്ഷകളിലേക്കും ആണത്രെ. അദ്ദേഹത്തിന്റെ നിരൂപണങ്ങളും ലേഖനങ്ങളും അടങ്ങിയ പുസ്തകങ്ങളെല്ലാം അതിവേഗം പ്രചരിച്ചു. റഷ്യയിലെയും ഫ്രാൻസിലെയും പ്രത്യേകിച്ച് ഇംഗ്ലീഷ് ഭാഷയിലെയും പ്രമുഖ എഴുത്തുകാരെയെല്ലാം ആകർഷിച്ചു കഴിഞ്ഞു. എണ്ണമറ്റ കൃതികളാണ് അദ്ദേഹം സാഹിത്യലോകത്തിന് കാഴ്ചവച്ചിട്ടുള്ളത്. ഇവയെല്ലാം ഇവിടെ വിശദീകരിക്കുക എളുപ്പമല്ല.

റനിറ്റ്സ്കിയുടെ സംഭവബഹുലമായ ജീവിതമാരംഭിക്കുന്നത് പോളണ്ടിലെ വ്ളോസ്ലാവിക്കിലാണ്. കെട്ടിട നിർമാണ സാമഗ്രികൾ നിർമിക്കുന്ന ഒരു ചെറിയ ഫാക്ടറിയുടമയും യഹൂദവംശജനുമായ ദാവീദ് റൈഷിന്റെയും ഹെലേനയുടെയും മൂന്നാമത്തെ പുത്രനായി 1920 ജൂൺ രണ്ടാം തീയതിയാണ് റനിറ്റ്സ്കി ജനിച്ചത്. മാതാവ് ഹെലെനാ റൈഷ് ആൻവർബാഹ് ഒരു യഹൂദ-ജർമൻകാരിയുമായിരുന്നു. റനിറ്റ്സ്കി പറയുന്നത് നോക്കുക: "എന്റെ അമ്മ ലോകപരിചയം ഒട്ടുമില്ലാത്ത ഒരു പാവം, അതേ സമയം സ്നേഹം തുളുമ്പുന്ന ഹൃദയമുള്ളവളായിരുന്നു." 1928ൽ തന്റെ പിതാവിനുണ്ടായിരുന്ന ഫാക്ടറി നഷ്ടത്തിൽ കലാശിച്ചതോടെ ഫാക്ടറി അടച്ചുപൂട്ടാൻ നിർബന്ധിതനായിത്തീർന്നു.

ഭാവിപ്രതീക്ഷകൾ തന്റെ പിതാവിനുണ്ടായ സാമ്പത്തിക തകർച്ചയോടെ മറ്റൊരു അപ്രതീക്ഷിതമായ വഴിത്തിരിവിലാണ് എത്തിനിന്നത്. ദാവീദ്-ഹെലേനെ ദമ്പതികളുടെ മക്കളിൽ മാർസ്സെലിന് മാത്രമാണ് വ്ളോസ്ലാവിക്കിലുള്ള സ്കൂളിൽ പഠിക്കുവാൻ അനുവാദം ലഭിച്ചത്. സാമ്പത്തിക പ്രതിസന്ധിയെ നേരിടുന്ന മാതാപിതാക്കൾക്ക് പൊടുന്നനേ മറ്റൊരു തീരുമാനം എടുക്കേണ്ടിവന്നു. സാമ്പത്തികമായി നല്ല നിലയിൽ ബർലിനിൽ ജീവിച്ചിരുന്ന ഒരു ബന്ധുവിന്റെയടുക്കലേക്ക് തന്റെ മകനെ അയയ്ക്കുവാൻ ദാവീദ് തീരുമാനിച്ചു. അങ്ങനെ, 1929 മുതൽ മാർസ്സെൽ റൈഷ് റനിറ്റ്സ്കി ബർലിൻ ചാർലോട്ടൻ ബർഗിലും പിന്നീട് ബർലിൻ-ഷേണ ഫെൽഡിലും താമസിച്ചു. 1935വരെ അവിടെയുള്ള വെർണർ സിമെൻഡ് ഹൈസ്കൂളിൽ പഠനം തുടർന്നു. 1935 മുതൽ ബർലിൻ വിൽമേഴ്സ്ഡോർഫിലെ ഫിഹ്ക്ടേ-ജിംനാസിയത്തിലേക്കു മാറി.



*മാർസ്സെൽ റൈഷ് റനിറ്റ്സ്കിയും ഭാര്യ തെയോഫില ലാംഗ്നാസും*

ഉയർന്ന നിലയിൽ പരീക്ഷ പാസ്സായ റനിറ്റ്സ്കി തുടർന്നു സർവകലാശാലാപഠനത്തിനായി ബർലിനിലെ ഫ്രീഡ്രിഷ് വിൽഹെം സർവകലാശാലയിൽ അപേക്ഷ നല്കി. 1938 ഏപ്രിൽ ഇരുപത്തിമൂന്നാം തീയതി, ഇംമട്രിക്കുലേറ്റ് ചെയ്യുവാൻ വേണ്ടിയുള്ള ആ അപേക്ഷ പോലും ഒരു യഹൂദനെന്ന ഒരൊറ്റക്കാരണത്താൽ തള്ളിക്കളഞ്ഞു.

ഇതുമുതൽ മാർസ്സെൽ റൈഷ് റനിറ്റ്സ്കിയുടെ ജീവിതം സംഭവബഹുലമാവുകയാണ്. 1938ൽ അദ്ദേഹത്തെ ബർലിനിൽ നിന്നും പോളണ്ടിലേക്കു നാടുകടത്തി. 1938 ഒക്ടോബർ ഇരുപത്തിയൊൻപതിനും നവംബർ ഏഴിനും നാസ്സികൾ മുൻകൂട്ടി പദ്ധതിയിട്ടിരുന്ന നാടുകടത്തൽ പ്രക്രിയയ്ക്കു മുന്നോടിയായി അദ്ദേഹത്തെ അറസ്റ്റുചെയ്തു. നാസ്സികളുടെ രഹസ്യ അജണ്ടയായിരുന്ന "പോളൻ ആക്ഷൻ" (വംശശുദ്ധീകരണം) നടപ്പാക്കുകയായിരുന്നു ലക്ഷ്യം! പതിനേഴായിരത്തിലേറെ യഹൂദവംശജരായ സ്ത്രീകളും പുരുഷന്മാരും കുട്ടികളും മാർസ്സെൽ റൈഷ് റനീറ്റ്സ്കിക്കൊപ്പം അന്ന് അറസ്റ്റ് ചെയ്യപ്പെട്ടു. തീവണ്ടിമാർഗം നാടുകടത്തപ്പെട്ട് പോളണ്ടിലെ വാർഷോവിലെത്തിയ റനിറ്റ്സ്കിയെ സ്വീകരിച്ചത് തനിക്ക് വശമില്ലാതിരുന്ന മാതൃഭാഷയാണ്!

ദുരന്തങ്ങളുടെ നീണ്ട പരമ്പരയാണ് തുടർന്നു നേരിട്ടത്. പോളിഷ് ഭാഷ വീണ്ടും പഠിക്കുവാൻ നിർബന്ധിതനായി. 1938 സെപ്റ്റംബർ ഒന്നിന് നാസ്സികൾ പോളണ്ട് അക്രമിച്ചതോടെ റെനിറ്റ്സ്കിയുടെ അവശേഷിച്ച പ്രതീക്ഷകളും അടർന്നു വീണു.

1940ൽ നാസ്സികളുടെ ആക്രമണം വീണ്ടും ശക്തമായി. നാസ്സികൾ റൈഷ് കുടുംബത്തിന്റെ സുഹൃത്തായിരുന്ന പാവേൽ ലാംഗ്നാസ് കുടുംബത്തെ ആക്രമിച്ചു. പാവേൽ ലാംഗ്നാസിന്റെ ഭാര്യയെ തട്ടിക്കൊണ്ടുപോയി കൊന്നുകളഞ്ഞു. ഇത് സഹിക്കാൻ കരുത്ത് നഷ്ടപ്പെട്ട പാവേൽ ലാംഗ് നാസ് ആത്മഹത്യചെയ്തു. ഈ ദുരന്തകഥയറിഞ്ഞ മാർസ്സെലിന്റെ മാതാവ് പാവേൽ ലാംഗ്നാസിന്റെ ഏക മകളുടെ സംരക്ഷണത്തിനായി മാർസ്സെല്ലിനെ ഏർപ്പെടുത്തി പറഞ്ഞയച്ചു. പാവേലിന്റെ പുത്രി തെയോഫിലയുമായുള്ള കണ്ടുമുട്ടൽ മാർസ്സേലിന്റെ ജീവിതപാതയിൽ മറ്റൊരു വഴിത്തിരിവുണ്ടാക്കി. ദുരന്തത്തിൽ നിന്നും പൊട്ടിവീണ സ്നേഹമായിരുന്നു തന്റെ സഹധർമ്മിണി തെയോഫില ലാംഗ്നാസ്.

മാർസ്സെൽ റൈഷ് റനിറ്റ്സ്കിയെ നാസികൾ വാർഷോവർ ഗെറ്റോയിലേക്കുമാറ്റി. നിർഭാഗ്യത്തിലുറച്ച ഭാഗ്യമായിരുന്നത്. അദ്ദേഹത്തെ "ഗെറ്റോയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന യഹൂദ -ജർമൻ പത്രത്തിൽ ജർമൻ ഭാഷ വശമായിരുന്നതിനാൽ തർജമ ജോലി ചെയ്യുവാൻ നിയമിച്ചു. ഇതിനിടെ പരിചയത്തിലായ നാസ്സിപ്പടയിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനിൽ നിന്നും ഗെറ്റോയിലെ മുഴുവൻ യഹൂദരെയും ട്രേബ്ലിൻസായിലുള്ള കോൺസെൻട്രേഷൻ ക്യാമ്പിലേക്ക് കയറ്റി അയയ്ക്കുമെന്നുള്ള വിവരവും ലഭിച്ചു. ഇവിടെ നിന്നും ഇനി രക്ഷപ്പെടാനുള്ള മാർഗം എന്താണ്? തെയോഫിലായെ വിവാഹം ചെയ്യുകയെന്നതാണ് ഒരു മാർഗം. അങ്ങനെയെങ്കിൽ തെയോഫിലായുടെയെങ്കിലും ജീവൻ രക്ഷപ്പെടും. കോൺസെൻട്രേഷൻ ക്യാമ്പിലെ ഗ്യാസ് മുറികളിലേക്കുള്ള കയറ്റി അയയ്ക്കലിന് തൊട്ടുമുമ്പുള്ള ഒരു ദിവസം 1942 ജൂലായ് ഇരുപതിന് റനിറ്റ്സ്കി തെയോഫിലായെ വിവാഹം ചെയ്തു. ഏതായാലും ഈ നടപടി കുറിക്കുകൊണ്ടു. തന്റെ ജോലിയെ (തർജമ ചെയ്യുക) പരിഗണിച്ച് അവരിരുവരെയും ഡിപ്പോർട്ടേഷനിൽ നിന്നും തത്ക്കാലം മാറ്റി നിർത്തി.

പദ്ധതിയിട്ടതനുസരിച്ച് 1943ൽ ഡിപ്പോർട്ടേഷന് തൊട്ടുമുമ്പ് ഫെബ്രുവരി മൂന്നാംതീയതി മാർസ്സെൽ റനിറ്റ്സ്കിയും ഭാര്യയും കൂടി കൺട്രോൾ പോസ്റ്റിലെ കാവൽക്കാരന് കൈക്കൂലി കൊടുത്ത് ഗെറ്റോവിൽ നിന്ന് ഒളിച്ചോടി. എന്നാൽ ഒട്ടും താമസിയാതെ തന്നെ അവരിരുവരും വീണ്ടും പിടിക്കപ്പെട്ടുവെങ്കിലും തന്ത്രപൂർവം വീണ്ടും നാസ്സിപട്ടാളത്തിന് കൈക്കൂലി കൊടുത്ത് അവിടെനിന്നും രക്ഷപ്പെട്ടു.

ഇതിനിടയിൽ തന്റെ മാതാപിതാക്കളായ ദാവീദ് റൈഷിനെയും മാതാവ് ഹെലൈനാ റൈഷിനെയും ട്രേബ്ലിൻസായിലുള്ള കോൺസെൻട്രേഷൻ ക്യാമ്പിലെ ഗ്യാസ് മുറിയിൽ കൊന്നുകളഞ്ഞു. സഹോദരൻ അലക്സാണ്ടർ റൈഷിനെ യുദ്ധകുറ്റവാളിയായി ലുബ്ലിയിലുള്ള പോണിയോ ടോവായിലെ ക്യാമ്പിൽ വെടിവച്ചു കൊലപ്പെടുത്തി. സഹോദരി ഗെർഡായും ഭർത്താവ് ഗെർഹാർഡ് ബേമും ലണ്ടനിലേക്ക് ഒളിച്ചു രക്ഷപ്പെട്ടു.

യുദ്ധാനന്തരം മാർസ്സെൽ റനിറ്റ്സ്കി തനിക്ക് ലഭിച്ച സ്വാതന്ത്ര്യത്തിന് നന്ദിസൂചകമായി പോളിഷ് രഹസ്യാന്വേഷണവകുപ്പിലും അതിനുശേഷം ഇംഗ്ലണ്ടിലെ പോളിഷ് കോൺസുലേറ്റിലും ജോലി ചെയ്തു. ഇതുമുതൽ പത്രപ്രവർത്തനവും സാഹിതീപൂജയും ദൈനംദിന കാര്യമായി മാറി പ്രശസ്തിയുടെ ഉന്നതിയിലേക്കു ഉയർന്നു. ബഹുമതികളും പുരസ്കാരങ്ങളും അദ്ദേഹത്തെ തുടരെ ആശ്ലേഷിച്ചുകൊണ്ടിരുന്നു.

1958ൽ വീണ്ടും ജർമനിയിൽ എത്തി. നാസ്സികൾ അദ്ദേഹത്തെ പോളണ്ടിലേക്ക് നാടുകടത്തിയപ്പോൾ അവിടെ സ്വീകരിച്ചത് തനിക്ക് വശമില്ലാത്ത പോളീഷ് ഭാഷയായിരുന്നെങ്കിൽ, ജർമനിയിൽ വീണ്ടും തിരിച്ചെത്തിയ റനിറ്റ്സ്കിയെ വെല്ലുവിളിച്ചത് ജീവിതമാർഗത്തിനുള്ള പണമില്ലാത്ത അവസ്ഥയായിരുന്നു.

അതേ, ആകെ കൈയിലുണ്ടായിരുന്ന മുതൽ ജർമൻ സാഹിത്യത്തെപ്പറ്റിയുള്ള കുറെയേറെ അറിവും, പശ്ചിമ പൂർവ ജർമനിലെ കുറെ എഴുത്തുകാരുമായുള്ള സമ്പർക്കവും പുസ്തകപ്രസാദകത്തിനായുള്ള മികച്ച അറിവും പരിചയങ്ങളും മാത്രമായിരുന്നു.

1958ൽ ജർമനിയിൽ തിരിച്ചെത്തിയ റെനിറ്റ്സ്കി റേഡിയോ, ടെലിവിഷൻ, പത്രമാധ്യമങ്ങളിൽ ജോലിക്കു ചേർന്നു. 1960ൽ ജർമൻ വീക്കിലി അദ്ദേഹത്തെ സ്ഥിരം സാഹിത്യ നിരൂപകനായി നിയമിച്ചു. 1973-1988 വരെ "ഫ്രാങ്ക്ഫർട്ടർ ആൾഗെമൈന"യിൽ സാഹിത്യ വിഭാഗം തലവനായിരുന്നു. അതോടൊപ്പം ഫ്രാങ്ക്ഫർട്ടർ അന്തോളജിയിൽ എഡിറ്ററായും ജോലിചെയ്തു.

1968-1969ൽ അമേരിക്കൻ സർവകലാശാലകൾ അദ്ദേഹത്തിന്റെ സേവനം ആവശ്യപ്പെട്ടു. 1971 മുതൽ 1975 വരെ സ്റ്റോക്ഹോം, ഉപ്സാല സർവകലാശാലകളിൽ വിസിറ്റിംഗ് പ്രൊഫസറായി. 1974, 1990, 1991 വർഷങ്ങളിൽ ഓണററി പ്രൊഫസറായി ജർമനിയിലെ ട്യൂബിൻഗൻ, ഡൂസ്സൽ ഡോർഫ്, കാൾസ്റൂഹെ തുടങ്ങിയ സർവകലാശാലകളിൽ സേവനം ചെയ്തു.

ജർമനിയിൽ ഏറ്റവും കൂടുതൽ വിറ്റഴിഞ്ഞ പുസ്തകങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനത്തെത്തിയ മാർസ്സെൽ റൈഷ് റനിറ്റ്സ്കിയുടെ ഔട്ടോബയോഗ്രഫി, "എന്റെ ജീവിതം" തന്റെ വ്യക്തിപരമായ അനുഭവങ്ങൾ, അവതന്നെ ചരിത്രപരമായ സംഭവങ്ങൾ തന്നെയെന്ന് നോബൽ പ്രൈസ് ജേതാക്കളായ ഗുൻഡർ ഗ്രാസ്, ഹെന്റിഷ് ബ്യോൾ തുടങ്ങിയ പ്രമുഖ സാഹിത്യകാരന്മാർ വിലയിരുത്തി.

പോളണ്ടിലെ തന്റെ ജന്മസ്ഥലമായ വ്ളോസ്ലാവിക്കിൽ നിന്നും ബർലിനിലേക്കു മാറിത്താമസിക്കുമ്പോൾ അദ്ദേഹത്തിന് ഒൻപതു വയസ്സ് പോലും ഉണ്ടായിരുന്നില്ല. തന്റെ ഗുരുനാഥയോട് വിടപറഞ്ഞിറങ്ങുമ്പോൾ സ്നേഹവാത്സല്യത്തോടെ ആ അദ്ധ്യാപിക പറഞ്ഞു: "എന്റ മോനെ, നീ പോകുന്നത് നല്ല സംസ്കാരമുള്ള നാട്ടിലേക്കാണ്." പക്ഷേ, ആ കുഞ്ഞിന് ലഭിച്ചത് ദുഃഖങ്ങളെരിയുന്ന തീച്ചൂളയിലെ ജീവിതാനുഭവങ്ങളാണ്. ആകമാനം നോക്കുമ്പോൾ മാർസ്സെൽ റൈഷ് റനിറ്റ്സ്കി ആരാണ്? നവതിയിലും തളരാത്ത കാൽ പാദങ്ങൾ ചവുട്ടി നടക്കുന്ന ഒരു വിമർശക പ്രതിഭ. ⊙

CYAN MAGENTA YELLOW BLACK

# വാർത്തകൾ

# പരസ്പരം ചെളിവാരിയെറിയുന്ന മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും അധികാരത്തിൽ തുടരാൻ അർഹതയില്ല

## പി. ടി. ജോസ്

ജനകീയ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കാതെ പരസ്പരം ചെളിവാരിയെറിയുന്ന മുഖ്യമന്ത്രിക്കും സഹമന്ത്രിമാർക്കും അധികാരത്തിൽ തുടരാൻ അർഹതയില്ലെന്ന് കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി പി.ടി.ജോസ് അഭിപ്രായപ്പെട്ടു.

ജനാധിപത്യഗവൺമെണ്ടിന്റെ മുഖമുദ്ര കൂട്ടുത്തരവാദിത്വമാണ്. ഇടതുമുന്നണിസർക്കാരിന് അത് നഷ്ടപ്പെട്ടു കഴിഞ്ഞിരിക്കുന്നു. മന്ത്രിസഭയിലെ ബഹുഭൂരിപക്ഷം അംഗങ്ങളും മുഖ്യമന്ത്രിയിൽ വിശ്വാസമില്ലെന്ന് പലകുറി പരസ്യമായി പറഞ്ഞു. എന്നിട്ടും ആ മന്ത്രിമാരെ നീക്കം ചെയ്യാനോ സ്വയം രാജിവെച്ചിറങ്ങിപ്പോകാനോ തയ്യാറാകാത്ത അച്യുതാനന്ദൻ രാജ്യം കണ്ട ഏറ്റവും വലിയ അധികാരമോഹിയാണ്.

മുഖ്യമന്ത്രിക്കസേരയിൽ തുടരുന്നതിനു വേണ്ടി, പ്രതിപക്ഷനേതാവായിരുന്നപ്പോഴും അതിനുശേഷവും അധികാരത്തിലേറിയ നാളുകളിലും നടത്തിയ പ്രഖ്യാപിതനിലപാടുകളിൽ നിന്നെല്ലാം ഒന്നൊന്നായി അച്യുതാനന്ദൻ പിൻമാറുന്ന കാഴ്ചയാണ് കേരള സമൂഹം കണ്ടത്. ഇന്ന് ജനകീയ നേതാവെന്ന നിലയിൽ പൂർണമായും പരാജയപ്പെട്ട് അഭിമാനം ലവലേശമില്ലാതെ നില്ക്കുന്ന അച്യുതാനന്ദൻ സംസ്ഥാനത്തിനു ബാധ്യതയാണെന്നും പി.ടി. ജോസ് കൂട്ടിച്ചേർത്തു.



കേരളാ കോൺഗ്രസ് (എം) പത്തനംതിട്ട ജില്ലാ നേതൃയോഗം സംസ്ഥാന ജനറൽ സെക്രട്ടറി പി.ടി.ജോസ് ഉദ്ഘാടനം ചെയ്യുന്നു. വിക്ടർ ടി.തോമസ്, വി.ആർ.രാജേഷ്, സജി അലക്സ്, അഡ്വ.എലിസബത്ത് മാമ്മൻ മത്തായി, ചെറിയാൻ പോളച്ചിറയ്ക്കൽ, ജോസഫ് ജോർജ് വടക്കേടം, ജേക്കബ് വഞ്ചിപ്പാലം എന്നിവർ സമീപം.

കേരളാ കോൺഗ്രസ് (എം) പത്തനംതിട്ട ജില്ലാ നേതൃത്വയോഗം തിരുവല്ലായിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജില്ലാ പ്രസിഡണ്ട് വിക്ടർ.ടി.തോമസ് അധ്യക്ഷത വഹിച്ചു. ജോസഫ് എം.പുതുശ്ശേരി എംഎൽഎ, ജോസഫ് ജോർജ് വടക്കേടം, ചെറിയാൻ പോളച്ചിറയ്ക്കൽ, അഡ്വ.എലിസബത്ത് മാമ്മൻ മത്തായി, സജി അലക്സ്, ജേക്കബ് വഞ്ചിപ്പാലം, ബിജു ലങ്കാഗിരി, ജോർജ് മാത്യു, എൻ.എം.രാജു, ജോർജ് ഏബ്രഹാം, ജെ.എം.മണലൂർ, സാം ജോസ്, ആലിച്ചൻ ആറൊന്നിൽ, ബിജോയ് തോമസ്, വി.ആർ.രാജേഷ്, വർഗീസ് ജോൺ, ബിജു മതിലുങ്കൽ, പി.ആർ.രാധാകൃഷ്ണൻനായർ, വർഗീസ് ചെലേയ്ക്കൽ, ടി.ജി.രാമൻ, ഏലിയാമ്മ തോമസ് എന്നിവർ പ്രസംഗിച്ചു.

# രാഷ്ട്രീയവിവേചനം അടിസ്ഥാന സൗകര്യ വികസനത്തിനു തടസ്സം

## എ.എൽ.സെബാസ്റ്റ്യൻ



വികസന പ്രവർത്തനങ്ങളുടെ സ്തംഭനത്തിൽ പ്രതിഷേധിച്ച് കേരളാ കോൺഗ്രസ് (എം) മണലൂർ നിയോജകമണ്ഡലം കമ്മിറ്റി നടത്തിയ കൂട്ടധർണ തൃശൂർ ജില്ലാ പ്രസിഡണ്ട് എ.എൽ.സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു. സെബാസ്റ്റ്യൻ ചൂണ്ടൽ, എ.എൽ.ആന്റണി, എ.സി.ജോർജ് തുടങ്ങിയവർ സമീപം.

റോഡ്, വൈദ്യുതി, ജലം തുടങ്ങിയ ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ ലഭ്യമാക്കുന്നതിൽ ഇടതുസർക്കാർ തികച്ചും സങ്കുചിതമായ രാഷ്ട്രീയ താത്പര്യമാണ് പുലർത്തുന്നതെന്ന് കേരളാ കോൺഗ്രസ് (എം) തൃശൂർ ജില്ലാ പ്രസിഡണ്ട് എ.എൽ.സെബാസ്റ്റ്യൻ ആരോപിച്ചു.

കുണ്ടുവക്കടവ് പാലം പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുക, കാഞ്ഞാണി മുതൽ പഞ്ചാരമുക്കുവരെയുള്ള ലിങ്ക് റോഡ് (എൻ.എച്ച് 17, എൻ.എച്ച് 47) റബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ച് ടാറു ചെയ്യുക, വികസനപ്രവർത്തനങ്ങളിൽ രാഷ്ട്രീയം കലർത്തുന്നത് ഒഴിവാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് കേരളാ കോൺഗ്രസ് (എം) മണലൂർ നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ പാവറട്ടി സെന്ററിൽ നടത്തിയ കൂട്ടധർണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പ്രതിപക്ഷ എംഎൽഎമാരുടെ നിയോജകമണ്ഡലങ്ങളിൽ സർക്കാർ വികസനത്തിന് തടയിട്ടിരിക്കുകയാണ്. സിപിഎമ്മിനുള്ളിലെ തമ്മിൽതല്ലും ഇടതുമുന്നണിയിലെ അനൈക്യവും സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളുടെ ശവപ്പറമ്പാക്കി മാറ്റിയിരിക്കുന്നു. ഇത് ഏറ്റവും കൂടുതൽ ബാധിച്ചിരിക്കുന്നത് അടിസ്ഥാനസൗകര്യ വിസനത്തെയാണെന്നും എ.എൽ.സെബാസ്റ്റ്യൻ പറഞ്ഞു.

നിയോജകമണ്ഡലം പ്രസിഡണ്ട് ഏ.എൽ.ആന്റണി അധ്യക്ഷതവഹിച്ചു. ജില്ലാ സെക്രട്ടറിമാരായ സെബാസ്റ്റ്യൻ ചൂണ്ടൽ, എ.സി.ജോർജ്, നിയോജകമണ്ഡലം ഭാരവാഹികളായ ഇ.സി.വർഗീസ്, ഉണ്ണി വെട്ടത്ത്, കെ.ജെ.വെയിൽസ്, മണ്ഡലം പ്രസിഡണ്ടുമാരായ എ.എ.ഡേവിഡ്, വി.സി.വിൻസെന്റ്, എൻ.എ.മുജീബ്, ജോർജ് കൂനാമുച്ചി, സി.എ.തോമസ് മാസ്റ്റർ, പി.പി.ജോസഫ് പൊന്മാണി, പി.ആർ.അന്തോണീസ്, വി.ജെ.വർഗീസ്, ടി.കെ.ജേക്കബ്, സി.ആർ.ഇനാശു, കെ.എഫ്.ലാൽസൻ, വി.ആർ.ആന്റോ, ടി.എ.കുട്ടൻ, കെ.ആർ.ജോർജ് മാസ്റ്റർ, ഒ.സി.സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.

# വി. ആർ. രാജേഷ്

## യൂത്ത് ഫ്രണ്ട് (എം) പത്തനംതിട്ട ജില്ലാ പ്രസിഡണ്ട്



കേരളാ യൂത്ത് ഫ്രണ്ട് (എം) പത്തനംതിട്ട ജില്ലാ പ്രസിഡണ്ടായി വി.ആർ. രാജേഷിനെ തെരഞ്ഞെടുത്തു.

കെ.എസ്.സി.(എം) സംസ്ഥാന ജനറൽ സെക്രട്ടറി, യൂത്ത് ഫ്രണ്ട് (എം) ജില്ലാ വർക്കിംഗ് പ്രസിഡണ്ട്, തിരുവല്ലാ മാർത്തോമാ കോളജ് യൂണിയൻ ഭാരവാഹി, കോളജ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ബോർഡ് മെമ്പർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി യൂണിയൻ ഭാരവാഹി തുടങ്ങിയ നിലകളിൽ രാജേഷ് പ്രവർത്തിച്ചിട്ടുണ്ട്.

### മറ്റു ഭാരവാഹികൾ

*വൈസ് പ്രസിഡണ്ടുമാർ :* മനീഷ് മോഹൻ, ചെറിയാൻ തണ്ണിത്തോട്, എ.ജി.മധു, ജി.കൃഷ്ണകുമാർ, മനു പുതുപ്പറമ്പിൽ, ജോജി ചേന്തിയേത്ത്.

*ജനറൽ സെക്രട്ടറിമാർ :* അജു പി.ഏബ്രഹാം (ഓഫീസ് ഇൻ-ചാർജ്), ഡേവിഡ് ശാമുവേൽ, മധു ഇഞ്ചപ്പൊയ്ക, ജേക്കബ് മാമ്മൻ, അഡ്വ.സിബി ജെയിംസ്, അനിയൻകുഞ്ഞ് കെങ്കിരേത്ത്, റെജി പ്ലാംതോട്ടത്തിൽ, ജോർജ്കുട്ടി വി.ജെ.

*സർഗവേദി കൺവീനർ :* സജി കുമാർ ഓതറ.

*ജോയിന്റ് കൺവീനർമാർ :* ഫിലിപ്പ് തോമസ്, വിപിൻ ചെന്തിട്ടയിൽ

*ട്രഷറർ :* അജീഷ് അടൂർ

*സംസ്ഥാന കമ്മിറ്റി അംഗങ്ങൾ :* മജ്നു എം.രാജൻ, ഷിബു സി.സാം, ജോൺ മാത്യു, അനിയൻകുഞ്ഞ് കെങ്കിരേത്ത്, രഞ്ജിത്ത് വടക്കേകരയത്ത്, എം.സി.ജയകുമാർ, ബോബി കാക്കാനപ്പള്ളി.

പത്തനംതിട്ട വൈ.എം.സി.എയിൽ നടന്ന യൂത്ത് ഫ്രണ്ട് (എം) ജില്ലാ പ്രവർത്തക സമ്മേളനത്തിലാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്ത്.

# ന്യൂസ് ഡയറി

**(12–18 ജൂലൈ 2009)**

**പി.ആർ.**



## കേരളം

12. അഴിമതിക്കെതിരെ ഉറച്ച നിലപാടെടുത്ത വി.എസ്.അച്യുതാനന്ദനെ ക്രൂശിക്കുകയും ആരോപണ വിധേയനായ പിണറായി വിജയനെ സംരക്ഷിക്കുകയും ചെയ്യുന്ന സിപിഎം നടപടി ജനാധിപത്യകേരളത്തിനു ലജ്ജാകരമാണെന്നു കേരളാ കോൺഗ്രസ് ലീഡർ കെ.എം.മാണി.



- ഒരാളെ വേണ്ടെന്നു തോന്നിയാൽ രാഷ്ട്രീയമായി നശിപ്പിക്കുന്ന പാർട്ടിയാണു സിപിഎം എന്നും അതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് വി.എസ്.അച്യുതാനന്ദനെന്നും കെ.ആർ.ഗൗരിയമ്മ.



13. സിപിഎം പൂർണമായും തൂത്തെറിയപ്പെടാതിരിക്കാനുള്ള ഏക പോംവഴി പ്രകാശ് കാരാട്ട്, വി.എസ്.അച്യുതാനന്ദൻ, പിണറായി വിജയൻ എന്നിവരെ തൽസ്ഥാനത്തു നിന്നും നീക്കം ചെയ്യുക എന്നതാണെന്ന് ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ.



- ഡീസൽ വില കൂട്ടിയ പശ്ചാത്തലത്തിൽ ബസ് ചാർജ് വർധിപ്പിക്കണമെന്ന് കെ.എസ്.ആർ.ടി.സി. സംസ്ഥാന സർക്കാരിനോട് ശുപാർശ ചെയ്തു.

14. മെയ് 31 വരെയുള്ള കണക്കുകൾ പ്രകാരം സെക്രട്ടേറിയറ്റിൽ 1,25,202 ഫയലുകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നതായി മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ നിയമസഭയിൽ അറിയിച്ചു.

- സ്വാശ്രയ മാനേജുമെണ്ടുകളുമായുണ്ടാക്കിയ കരാർ ഇടതുപക്ഷ നിലപാടിൽ നിന്നുള്ള വ്യതിയാനമാണെന്നും വിദ്യാഭ്യാസമന്ത്രിക്ക് യാഥാർത്ഥ്യബോധമില്ലെന്നും സിപിഐ.

15. ആലപ്പുഴയിലെ ആറാട്ടുപുഴ പഞ്ചായത്തു പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ സിപിഎം ഔദ്യോഗികപക്ഷം സ്ഥാനാർത്ഥിയെ മൂന്നിനെതിരെ ഏഴുവോട്ടുകൾനേടി വി.എസ്.പക്ഷക്കാരി വി.പത്മാക്ഷി പരാജയപ്പെടുത്തി.

- രാഷ്ട്രീയപാർട്ടി എന്ന ലക്ഷ്യം എസ്. എൻ.ഡി.പിക്കില്ലെന്നും രാഷ്ട്രീയ ശക്തിയാവുകയാണ് തങ്ങളുടെ ലക്ഷ്യമെന്നും എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ.



- ഐ.എം.എ. കൊലയാളികളുടെ സംഘടനയാണെന്ന ഡോ.സുകുമാർ അഴീക്കോടിന്റെ പ്രസ്താവനയ്ക്കെതിരെ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കേരളഘടകം ഒരു ലക്ഷം രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ട് നല്കിയ കേസ് കോട്ടയം അഡീഷനൽ മുൻസിഫ് തള്ളി.

16. ആത്മവിശ്വാസം നഷ്ടപ്പെട്ടാൽ രാഷ്ട്രീയ പ്രവർത്തനം മതിയാക്കി വീട്ടിലിരിക്കുമെന്ന് കെ.കരുണാകരൻ.



- വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെയും അക്കാദമിക് സമിതികളിൽ ചർച്ചകൾ നടത്താതെയും ബിരുദ തലത്തിൽ ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ സമ്പ്രദായം ഏർപ്പെടുത്തിയതിൽ പ്രതിഷേധിച്ച് കണ്ണൂർ യൂണിവേഴ്സിറ്റിയിലെ 13 ഫാക്കൽറ്റി അംഗങ്ങൾ രാജിവച്ചു.

17. മുന്നണിയിലെ ധാരണ അനുസരിച്ചുള്ള കാലാവധിക്കുശേഷവും സ്ഥാനമൊഴിയാതിരുന്നതിനെത്തുടർന്ന് കോട്ടയം മുൻ നഗരസഭാധ്യക്ഷ റീബാ വർക്കിയെ അയോഗ്യയാക്കിയ തെരഞ്ഞെടുപ്പ് കമ്മീഷൻ നടപടി ഹൈക്കോടതി ശരിവെച്ചു.

- അഭയ കേസിൽ ഫാ.തോമസ് കോട്ടൂർ, ഫാ.ജോസ് പുതൃക്കയിൽ, സിസ്റ്റർ സെഫി എന്നിവരെ പ്രതികളാക്കി എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ സിബിഐ കുറ്റപത്രം സമർപ്പിച്ചു.

18. ലാവ്‌ലിൻ കരാറിന്റെ കാലത്തും വി.എസ്.പോളിറ്റ് ബ്യൂറോ അംഗമായിരുന്നെന്നും അന്നൊന്നും ഈ കരാറിൽ അഴിമതി നടന്നതായി അദ്ദേഹം പറഞ്ഞിരുന്നില്ലെന്നും മധ്യാമേഖലാ റിപ്പോർട്ടിങ്ങിൽ സിപിഎം ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ട്.



- ഗുരുവായൂർ ക്ഷേത്രം തന്ത്രിയും ദേവസ്വം ഭരണസമിതിയിലെ സ്ഥിരാംഗവുമായിരുന്ന ചേന്നാസ് രാമൻ നമ്പൂതിരിപ്പാട് (77) അന്തരിച്ചു.



## ദേശീയം

12. ഡൽഹി മെട്രോയുടെ നിർമാണത്തിലിരുന്ന മേല്പാലം തകർന്ന് എൻജിനീയർ ഉൾപ്പെടെ എട്ടു പേർ കൊല്ലപ്പെടുകയും പതിനഞ്ചുപേർക്ക് പരുക്കേല്ക്കുകയും ചെയ്തു.



- മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ സംഘടനാ തത്വങ്ങളും അച്ചടക്കവും ലംഘിച്ചതായി വിലയിരുത്തിയ സിപിഎം കേന്ദ്രകമ്മിറ്റി അദ്ദേഹത്തെ പിബിയിൽ നിന്ന് പുറത്താക്കണമെന്ന് റിപ്പോർട്ട് നല്കി.

- ഛത്തീസ്ഗഢിലെ രാജ്നന്ദഗാവ് ജില്ലയിൽ മാവോയിസ്റ്റുകൾ നടത്തിയ ആക്രമണ പരമ്പരയിൽ പോലീസ് സൂപ്രണ്ടക്കം 30 പോലീസുകാർ കൊല്ലപ്പെട്ടു.

13. ഡൽഹി മെട്രോ റെയിൽ പദ്ധതിയുടെ നിർമാണത്തിലിരുന്ന മേല്പാലം തകർന്ന് എട്ടുപേർ കൊല്ലപ്പെട്ട സംഭവത്തിൽ ധാർമിക ഉത്തരവാദിത്വം ഏറ്റെടുത്ത് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ എം.ഡി.സ്ഥാനം രാജിവച്ച ഇ.എം.ശ്രീധരൻ സംസ്ഥാനസർക്കാരിന്റെ അഭ്യർത്ഥന മാനിച്ച് രാജി പിൻവലിച്ചു.



- കൃഷിക്കാർ കടക്കെണിയിൽ പെടുന്നതിനു പ്രധാനകാരണം ഉയർന്ന പലിശ നിരക്കായതിനാൽ നാലു ശതമാനം പലിശയ്ക്കു കാർഷിക വായ്പ നല്കണമെന്ന് ജോസ് കെ. മാണി എം.പി. പാർലമെണ്ടിൽ ആവശ്യപ്പെട്ടു.



14. 2006 ഓഗസ്റ്റ് 26ന് മധ്യപ്രദേശിലെ ഉജ്ജയിൻ മാധവ് കോളജിലെ അധ്യാപകൻ വിദ്യാർത്ഥി സംഘട്ടത്തിനിടെ കൊല്ലപ്പെട്ട കേസിൽ പ്രതിചേർക്കപ്പെട്ട ആറ് എ.ബി.വി.പിക്കാരെ നാഗ്പൂർ സെഷൻസ് കോടതി തെളിവുകളുടെ അഭാവത്തിൽ വെറുതെവിട്ടു.

- പശ്ചിമബംഗാളിൽ ലാൽഗഢിന് പതിനഞ്ചു കിലോമീറ്റർ അകലെ സുരക്ഷാസേനയുടെ ക്യാമ്പിനുനേരെ മാവോയിസ്റ്റുകൾ മിന്നൽ ആക്രമണം നടത്തി.

15. കാശ്മീരിലെ ഷോപ്പിയാനിൽ രണ്ടു യുവതികൾ മാനഭംഗത്തിനിരയായി കൊല്ലപ്പെട്ട കേസിൽ സസ്പെൻഷനിലായിരുന്ന ജില്ലാ പോലീസ് സൂപ്രണ്ടുൾപ്പെടെ നാല് പോലീസുകാരെ ഹൈക്കോടതി ഉത്തരവു പ്രകാരം അറസ്റ്റുചെയ്തു.

- തെരഞ്ഞെടുപ്പ് പ്രചാരണവേളയിൽ മതസ്പർധ വളർത്തുംവിധം പ്രസംഗിച്ചു എന്നാരോപിച്ച് ബിജെപിയുടെ പിലിബിത്ത് എം.പി. വരുൺ ഗാന്ധിക്കെതിരെ ചീഫ് ജുഡിഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ പോലീസ് കുറ്റപത്രം സമർപ്പിച്ചു.

- രാജ്യം പത്മവിഭൂഷൺ, പത്മഭൂഷൺ തുടങ്ങിയ ഒട്ടേറെ ബഹുമതികൾ നല്കി ആദരിച്ച വിഖ്യാത കർണാടക സംഗീതജ്ഞ ഡി.കെ.പട്ടമ്മാൾ (90) അന്തരിച്ചു.



16. എൻജിനീയറിംഗ് കോളജിന് അംഗീകാരം നല്കുന്നതിനായി അഞ്ചുലക്ഷം രൂപ കൈക്കൂലി വാങ്ങിയ എ.ഐ.സി.ടി.ഇ. മെമ്പർ സെക്രട്ടറി കെ.നാരായണ റാവു, സഹായി എസ്.സി.സുബ്ബറാവു എന്നിവരെ സിബിഐ അറസ്റ്റുചെയ്തു.

- അയോധ്യയിലെ തർക്കഭൂമിയുമായി ബന്ധപ്പെട്ട ഫയലുകൾ കാണാതായ സംഭവത്തെക്കുറിച്ച് അന്വേഷിച്ച് രണ്ടു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ അലഹബാദ് ഹൈക്കോടതി സിബിഐ ഡയറക്ടറോട് ആവശ്യപ്പെട്ടു.

17. യു.പിയിൽ മാനഭംഗത്തിനിരയായ ദളിത് വനിതകൾക്കു സഹായധനം വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി മായാവതിക്കെതിരെ അപകീർത്തികരമായ പാരമർശം നടത്തിയെന്നാരോപിച്ച് അറസ്റ്റിലായ സംസ്ഥാന കോൺഗ്രസ് അധ്യക്ഷ റീത്ത ബഹുഗുണ ജോഷിയെ 14 ദിവസത്തെ ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാന്റു ചെയ്തു.



- ഉത്തർപ്രദേശിൽ സർക്കാർ നിഷ്ക്രിയമാണെന്നും സ്വന്തം പ്രതിമ നിർമിക്കുന്നതിൽ മാത്രമാണ് മുഖ്യമന്ത്രി മായാവതി ശ്രദ്ധിക്കുന്നതെന്നും രാഹുൽഗാന്ധി എം.പി.



18. പാകിസ്ഥാൻ കഴിഞ്ഞ ആറുമാസമായി തീവ്രവാദത്തിനെതിരെ ശക്തമായ നടപടികളാണ് കൈക്കൊണ്ടുവരുന്നതെന്നും അവരുടെ പ്രവർത്തനങ്ങൾ അമേരിക്ക സശ്രദ്ധം വീക്ഷിക്കുകയാണെന്നും ഇന്ത്യയിൽ സന്ദർശനം നടത്തുന്ന ഹിലാരി ക്ലിന്റൻ.

- ഉത്തർപ്രദേശ് മുഖ്യമന്ത്രി മായാവതിക്കെതിരെ അപകീർത്തികരമായി പ്രസംഗിച്ചു എന്നാരോപിച്ച് റിമാൻഡു ചെയ്യപ്പെട്ട കോൺഗ്രസ് സംസ്ഥാന അധ്യക്ഷ റീത്താ ബഹുഗുണ ജോഷിക്ക് കോടതി താത്ക്കാലിക ജാമ്യം അനുവദിച്ചു.



## വിദേശം

12. നൂറുകോടി പൗണ്ട് (ഏകദേശം 7700 കോടി രൂപ) വരുന്ന സ്വത്തിനുവേണ്ടി മൈക്കൾ ജാക്സനെ ഗൂഢാലോചനാസംഘം കൊലപ്പെടുത്തിയതാണെന്ന് സഹോദരി ലാ ടോയ.

- എൽടിടിഇക്കെതിരായ സൈനിക നടപടിയുടെ വിജയത്തിന്റെ പശ്ചാത്തലത്തിൽ ശ്രീലങ്കൻ കരസേനാ മേധാവി ശരത് ഫോൺസേകയ്ക്ക് സംയുക്തസേനാ മേധാവിയായി പ്രസിഡണ്ട് മഹിന്ദ രാജപക്ഷെ സ്ഥാനക്കയറ്റം നല്കി.



13. രണ്ടുമാസം മുൻപ് നിലവിൽവന്ന നേപ്പാളിലെ സിപിഎൻ-യു.എം.എൽ സർക്കാർ പാർലമെണ്ടിൽ നാലു വോട്ടിന്റെ ഭൂരിപക്ഷത്തിൽ അധികാരം നിലനിർത്തി.

- പാകിസ്ഥാനിൽ പഞ്ചാബ് പ്രവിശ്യയിലെ മിയാൻ ചന്നുവിനു സമീപമുള്ള ഗ്രാമത്തിലെ മദ്രസയിൽ ഉണ്ടായ ശക്തമായ സ്ഫോടനത്തിൽ കുട്ടികളടക്കം 16 പേർ കൊല്ലപ്പെട്ടു.

14. ഗ്ലോബൽ സപ്ലൈ ചെയിൻ ലീഡേഴ്സ് ഗ്രൂപ്പിന്റെ ഈ വർഷത്തെ സി.ഇ.ഒ. ഓഫ് ദി ഇയർ അവാർഡിന് ഇന്ത്യൻ വംശജയും പെപ്സിയുടെ സി.ഇ.ഒയുമായ ഇന്ദ്രാ നൂയിയെ തെരഞ്ഞെടുത്തു.



- രോഗബാധിതരായി കടുത്ത ശാരീരിക അസ്വസ്ഥതകൾ അനുഭവിച്ചുവന്ന ദമ്പതികളായ പ്രശസ്ത ബ്രിട്ടീഷ് സംഗീതജ്ഞൻ എഡ്വേർഡ് ഡൗൺസ് (85), ഭാര്യ ജോയൻ (74) എന്നിവർ സ്വിറ്റ്സർലണ്ടിലെ ക്ലിനിക്കിൽ ആത്മഹത്യ ചെയ്തു.

15. ഇറാൻ തലസ്ഥാനമായ ടെഹ്റാനിലെ ഇമാം ഖുമൈനി രാജ്യാന്തര വിമാനത്താവളത്തിൽ നിന്നും അർമേനിയൻ തലസ്ഥാനമായ യെരവനിലേക്കു പറന്നുയർന്ന കാസ്പിയൻ എയർലൈൻസിന്റെ റഷ്യൻ നിർമിത ടുപ്പലെവ്-154 വിമാനം തകർന്ന് 168 മരണം.

- ചേരിചേരാ രാഷ്ട്രങ്ങളുടെ അടുത്ത മൂന്നുവർഷത്തേക്കുള്ള അധ്യക്ഷനായി ഈജിപ്ത് പ്രസിഡണ്ട് ഹുസ്നി മുബാറക്കിനെ ഈജിപ്തിലെ ഷറം അൽ ഷെയ്ഖിൽ നടന്ന 118 രാഷ്ട്ര പ്രതിനിധികൾ പങ്കെടുത്ത യോഗം തെരഞ്ഞെടുത്തു.

16. ഇറാൻ വൈസ് പ്രസിഡണ്ടു സ്ഥാനവും ആണവോർജ സമിതി അധ്യക്ഷസ്ഥാനവും ഗുലാം റിസ അഗസദി രാജിവച്ചു.

- ആഗോളസാമ്പത്തിക പ്രതിസന്ധിയെ ഫലപ്രദമായി നേരിടാൻ കഴിഞ്ഞത് ഇന്ത്യൻ സമ്പദ്ഘടനയുടെ കെട്ടുറപ്പു വ്യക്തമാക്കിയതായി അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി ഹിലാരി ക്ലിന്റൺ.



17. ഇന്തൊനേഷ്യയിൽ തലസ്ഥാനമായ ജക്കാർത്തിയിലെ ജെ.ഡബ്ലു മാരിയറ്റ്, റിറ്റ്സ് കാൾട്ടൻ എന്നീ ഹോട്ടലുകളിലുണ്ടായ വൻ സ്ഫോടനങ്ങളിൽ എട്ടു മരണം.

- ഇറാൻ ആണവോർജ സമിതി അധ്യക്ഷനായി അലി അക്ബർ സാലിഹിയെ പ്രസിഡണ്ട് മെഹ്മൂദ് അഹമ്മദി നെജാദ് നിയമിച്ചു.

- ഇറ്റലി-ഫ്രാൻസ് അതിർത്തിയിലെ നഗരമായ അയോസ്റ്റയിൽ വിശ്രമത്തിനെത്തിയ ബനഡിക്ട് പതിനാറാമൻ മാർപാപ്പ കുളിമുറിയിൽ വീണ് വലതു കൈക്കു പരിക്കേറ്റു.



18. മുംബൈ ഭീകരാക്രമണത്തിനുപിന്നിൽ ലഷ്കർ ഇ തൊയ്ബയാണെന്നും പിടിയിലകപ്പെട്ട ഭീകരൻ അജ്മൽ ആമീർ കസബ് പാകിസ്ഥാൻ പൗരനാണെന്നും ഇന്ത്യയ്ക്ക് കൈമാറിയ റിപ്പോർട്ടിൽ പാകിസ്ഥാൻ സമ്മതിച്ചു.

- ലോകത്തെ ഏറ്റവും പ്രായം ചെന്ന വ്യക്തി എന്ന നിലയിൽ ഗിന്നസ് ബുക്കിൽ സ്ഥാനം നേടിയ ആളും ഒന്നാംലോകമഹായുദ്ധത്തിൽ പങ്കെടുത്തവരിൽ ജീവിച്ചിരുന്ന അവസാനത്തെ ആളുമായിരുന്ന ഹെന്റി ബക്കിൻഹാം (113) അന്തരിച്ചു.

പ്രതിച്ഛായ വാരിക

29 ജൂലൈ 2009
ഒരു കോപ്പി വില - 7.00
**വരിസംഖ്യ** വാർഷികം - 300
അർധ വാർഷികം - 160

റാപ്പർ ശ്രദ്ധിക്കുക
വരിസംഖ്യ പുതുക്കുക

Prathichaya
NEWS WEEKLY

Email : pratichaya@gmail.com
Website: www.pratichaya.com

PRATICHAYA WEEKLY
Palace Road, Kottayam - 686001
Tel & Fax : 0481 2564085
RN. No. KER MAL / 2007 / 21242
Postal Reg. No. KL/KTM/661/2008- 10
License No. KL/CR/KTM/WPP-73/2008-10
Licensed to Post Without Prepayment

**വിദേശക്കാഴ്ച**

പ്രിൻസ് രാജ്

# ക്രെംലിൻ ആഹ്വാനം ചരിത്രത്തിൽ ഇടം നേടുമോ?

**പ**തിറ്റാണ്ടുകൾ ഇരുചേരികളിലായി നിന്ന് പോരാടിയ രണ്ടു വൻശക്തി രാഷ്ട്രങ്ങൾ പരസ്പരം സഹകരിക്കുന്നതിനും അതുവഴി ആഗോളസമാധാനത്തിന്റെ പുതിയൊരു പാത വെട്ടിത്തുറക്കുന്നതിനുമായി മുന്നോട്ടുവന്ന കാഴ്ചയാണ് ജൂലൈ ആറിന് മോസ്ക്കോയിൽ കണ്ടത്.

അമേരിക്കയുടെയും സോവിയറ്റു യൂണിയന്റെയും ഇരു ചേരികൾക്കിടയിൽ നിലനിന്ന ശീതസമരം 1990ൽ സോവിയറ്റു യൂണിയൻ ശിഥിലമായതോടെ അവസാനിച്ചു. എങ്കിലും പതിറ്റാണ്ടുകളോളം പരസ്പരം വൈരികളായി പ്രഖ്യാപിച്ച് നടത്തിയ പോരാട്ടത്തിൽ സംഭവിച്ച മുറിപ്പാടുകളുടെ നീറ്റൽ തുടർന്നു. സോവിയറ്റു കമ്യൂണിസ്റ്റു പാർട്ടിയുടെ അവസാന ജനറൽ സെക്രട്ടറിയും സോവിയറ്റു യൂണിയന്റെ അവസാന പ്രസിഡണ്ടുമായിരുന്ന മിഖായേൽ ഗോർബച്ചേവ് അമേരിക്കൻ പ്രസിഡണ്ടായിരുന്ന റൊണാൾഡ് റീഗൻ ഉൾപ്പെടെയുള്ളവർ ശീതയുദ്ധത്തിനും അതുണ്ടാക്കിയ മുറിപ്പാടുകളുടെ നീറ്റലിനും അവസാനം കാണുവാൻ ആത്മാർത്ഥമായി ശ്രമിച്ചവരാണ്. 1990ൽ ഗോർബച്ചേവിന് സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ചിരുന്നു.

1987ലെ ഇന്റർമീഡിയറ്റ് റേയ്ഞ്ച് ന്യൂക്ലിയർ ഫോഴ്സസ് ട്രീറ്റി (ഐ.എൻ.എഫ്), സ്ട്രാറ്റജിക്ക് ആംസ് റിഡക്ഷൻ ട്രീറ്റി (സ്റ്റാർട്ട് 1), 1994ലെ ആദ്യ അമേരിക്ക-റഷ്യ സംയുക്ത ബഹിരാകാശ ദൗത്യം, 1998ലെ രാജ്യാന്തര ബഹിരാകാശ നിലയത്തിന്റെ നിർമിതി തുടങ്ങിയവയെല്ലാം ഈ പരിശ്രമങ്ങളുടെ ഫലങ്ങളായിരുന്നു. പക്ഷേ, പലവിധ രാജ്യാന്തര പ്രശനങ്ങൾ റഷ്യ-അമേരിക്ക സൗഹൃദത്തിൽ കല്ലുകടി സൃഷ്ടിച്ചുകൊണ്ടിരുന്നു.

ഒബാമയുടെ റഷ്യൻ സന്ദർശനത്തിന് മുന്നോടിയായി മേരിലാൻഡ് യൂണിവേഴ്സിറ്റി നടത്തിയ ഒരു സർവേയിൽ എഴുപത്തഞ്ച് ശതമാനം റഷ്യക്കാരും അമേരിക്കയുടെ ആത്മാർത്ഥതയിൽ സംശയം പ്രകടിപ്പിച്ചു. രണ്ടുശതമാനം പേർ മാത്രമാണ് റഷ്യാ-അമേരിക്ക ബന്ധത്തിൽ ശുഭാപ്തി വിശ്വാസം പ്രകടിപ്പിച്ചത്.

ആണവായുധ വ്യാപനം തടയുക, അധിനിവേശം ഇല്ലാതാക്കുക, ആഗോളസുസ്ഥിരത, മനുഷ്യാവകാശസംരക്ഷണം, അന്താരാഷ്ട്ര സഹകരണം ശക്തിപ്പെടുത്തൽ എന്നീ അഞ്ചു പ്രധാന ലക്ഷ്യങ്ങളാണ് ഒബാമയുടെ ക്രംലിൻ പ്രഭാഷണത്തിൽ ഊന്നിപ്പറഞ്ഞത്. ഇതിൽ ആണവായുധ വ്യാപനം തടയുകയും ഇറാൻ, ദക്ഷിണകൊറിയ എന്നീ രാജ്യങ്ങളുടെ ആണവശക്തിയാകുവാനുള്ള ഉദ്യമങ്ങൾ തടയുകയുമാണ് പ്രധാനമെന്നു വ്യക്തം. എന്നാൽ ലോകത്തുള്ളതിൽ 90 ശതമാനം അണ്വായുധ ശേഖരവും അമേരിക്കയുടെയും റഷ്യയുടെയും കൈവശമാണ്.

ലോകത്തെ ഒന്നാമനായിത്തീരുവാൻ ഭൂമിയിലും ബഹിരാകാശത്തും മത്സരിക്കുന്ന ഇരുരാഷ്ട്രങ്ങളുടെയും നേതൃത്വങ്ങൾക്ക് തുറന്ന ചിരിക്കും ഹസ്തദാനത്തിനും മുമ്പ് നടത്തുന്ന പ്രഖ്യാപനങ്ങൾ എത്രമാത്രം പ്രാവർത്തികമാക്കുവാനും പാലിക്കുവാനും കഴിയും എന്ന് അല്പം സംശയത്തോടെ ആരെങ്കിലും വീക്ഷിച്ചാൽ അതിനെ തെറ്റുപറയാൻ പറ്റുമോ?

മെരിലാന്റ് യൂണിവേഴ്സിറ്റിയിലെ സർവേയിലും പ്രതിഫലിച്ചത് ഇതുതന്നെ. എങ്കിൽത്തന്നെയും ലോകത്ത് മാറ്റമില്ലാത്തത് മാറ്റത്തിനു മാത്രമാണ് എന്ന ലോകതത്വത്തിൽ വിശ്വസിച്ച്, മാറ്റമെന്ന മുദ്രാവാക്യവുമായി ആഗോളതലത്തിലേക്ക് കടന്നുവന്ന ബറാക് ഒബാമയിൽ തത്ക്കാലത്തേക്ക് നമുക്ക് വിശ്വാസം അർപ്പിക്കാം!

## അന്തിമലക്ഷ്യം ആണവരഹിതലോകം!

**ആ**ണവായുധത്തിന്റെ അനിയന്ത്രിതമായ നിർമാണവും വ്യാപനവും ലോകസമാധാനത്തിനുമേൽ വൻഭീഷണിയായി ഉയർന്നുനില്ക്കും എന്നതുകൊണ്ട് അവ തടയുവാൻ അമേരിക്ക പ്രതിജ്ഞാബദ്ധമാണ്. അന്തിമലക്ഷ്യം ആണവരഹിതലോകവുമാണ്. അതിൽ റഷ്യയുടെ പൂർണസഹകരണം പ്രതീക്ഷിക്കുന്നു. ബറാക് ഒബാമ തന്റെ മോസ്ക്കോ സന്ദർശനത്തിന്റെ രണ്ടാം ദിവസം റഷ്യൻ പ്രധാനമന്ത്രിയും മുൻ പ്രസിഡണ്ടുമായ വ്ളാഡിമിർ പുട്ടിനുമായുള്ള ചർച്ചയ്ക്കുശേഷം പറഞ്ഞു.

റഷ്യയുടെയും അമേരിക്കയുടെയും ലക്ഷ്യങ്ങളിൽ സമാനതകൾ ഉണ്ട്. ആണവായുധങ്ങളുടെ അപകടകരമായ വ്യാപനം തടയൽ പ്രധാനപ്പെട്ട ഒരുദാഹരണമാണ്. ഏഷ്യയിൽ, പ്രത്യേകിച്ച് പശ്ചിമേഷ്യയിൽ സമാധാനമിന്ന് കടുത്ത ഭീഷണിയിലാണ്. ദക്ഷിണ കൊറിയയുടെ ആണവപരീക്ഷണങ്ങൾ ആശങ്ക ഉയർത്തുന്നു. അതിനാൽ ആണവശക്തിയാകുവാനുള്ള അവരുടെ പരിശ്രമങ്ങൾ അമേരിക്കയും റഷ്യയും ഒത്തുചേർന്ന് ചെറുക്കണം. ഇറാനും ആണവശക്തിയാകുന്നത് തടയേണ്ടതാണ്- ബറാക് ഒബാമ കൂട്ടിച്ചേർത്തു.



ആണവായുധങ്ങൾ കുറയ്ക്കുന്നതിനുള്ള ഉടമ്പടിയിൽ അമേരിക്കൻ പ്രസിഡണ്ട് ബറാക് ഒബാമയും റഷ്യൻ പ്രസിഡണ്ട് ദിമിത്രി മെദ്വദേവും മോസ്കോയിലെ ക്രംലിൻ കൊട്ടാരത്തിൽ ഒപ്പുവയ്ക്കുന്നു.



സോവിയറ്റ് കമ്യൂണിസ്റ്റു പാർട്ടിയുടെ അവസാന ജനറൽ സെക്രട്ടറിയും സോവിയറ്റു യൂണിയനിലെ അവസാന പ്രസിഡണ്ടുമായിരുന്ന മിഖായേൽ ഗോർബച്ചേവ്.



മോസ്ക്കോ സന്ദർശനത്തിനായി എത്തിയ അമേരിക്കൻ പ്രസിഡണ്ടും കുടുംബവും



സോവിയറ്റു യൂണിയൻ ജനറൽ സെക്രട്ടറി മിഖായേൽ ഗോർബച്ചേവും അമേരിക്കൻ പ്രസിഡണ്ട് റൊണാൾഡ് റീഗനും 1987 ഡിസംബർ 8ന് വൈറ്റ്ഹൗസിൽ ഐ.എൻ.എഫ്. ഉടമ്പടിയിൽ ഒപ്പുവയ്ക്കുന്നു.

## വളരെ പ്രധാനപ്പെട്ട ആദ്യചുവട്

**അ**മേരിക്കൻ പ്രസിഡണ്ട് ബറാക് ഒബാമയുടെ മോസ്ക്കോ സന്ദർശനത്തെയും പുതിയൊരു റഷ്യ-അമേരിക്ക സൗഹൃദപാത തുറക്കുന്നതിനുള്ള നിർദ്ദേശങ്ങളെയും വളരെ പ്രധാനപ്പെട്ട ആദ്യചുവട് എന്നാണ് റഷ്യൻ പ്രസിഡണ്ട് ദിമിത്രി മെദ്വദേവ് വിശേഷിപ്പിച്ചത്.

ഏപ്രിൽ ഒന്നിന് ലണ്ടനിൽ വെച്ച് നടന്ന ജി-20 ഉച്ചക്കോടിക്കിടെ ആയിരുന്നു ഒബാമ-മെദ്വദേവ് ആദ്യ കൂടിക്കാഴ്ച. 1991ൽ അമേരിക്കയും സോവിയറ്റ് യൂണിയനും തമ്മിലുണ്ടാക്കിയ സ്റ്റാർട്ട്-1 എന്ന ആണവായുധ നിയന്ത്രണ ഉടമ്പടിയുടെ കാലാവധി ഈ ഡിസംബറിൽ അവസാനിക്കുകയാണ്. അതിന്റെ തുടർച്ച ഉണ്ടാകണമെന്നായിരുന്നു അന്നത്തെ ചർച്ചയിലെ പ്രധാന നിർദേശം.

Printed and Published by Kurias Kumbalakuzhy for Pratichaya Publishing Trust, Kottayam. Printed at Rashtra Deepika Printers Kottayam-686 001. Published at Kottayam, Kerala-686 001.

CYAN MAGENTA YELLOW BLACK